## കാറ്റഗറി നമ്പർ : 323/2020

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : **മൃഗസംരക്ഷണം**
2. **ഉദ്യോഗപ്പേര്** : **വെറ്ററിനറി സർജൻ ഗ്രേഡ് II**
3. **ശമ്പളം** : **₹ 39500 – 83000**
4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

**കുറിപ്പ്:–**പതിനഞ്ച് ശതമാനം ഒഴിവുകൾ റിമൗണ്ട് വെറ്ററിനറി കോറിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടവർക്ക് വേണ്ടി സംവരണം ചെയ്തിരിക്കുന്നു. മിലിറ്ററി സർവ്വീസിൽ ചേർന്നില്ലായിരുന്നുവെങ്കിൽ സർവ്വീസിൽ നിയമിക്കപ്പെടുന്നതിന് അർഹതയുണ്ടായിരുന്ന വരെയും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പരിഗണിക്കുന്നതാണ്. ആവശ്യമുള്ള ശാരീരിക യോഗ്യതയുള്ളവരെ മാത്രമേ സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതിന് അർഹതയുള്ളവരായി കണക്കാക്കുകയുള്ളൂ. സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് ആവശ്യമുള്ള വിമുക്ത ഭടൻമാരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളും നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടാവുന്നതാണ്.

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയ ത്ത്എഴുതി അറിയിക്കപ്പെടുന്ന കൂടുതൽഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**കുറിപ്പ്:–** സർക്കാർ ഉത്തരവ് നമ്പർ **G.O.(P)No.61/2012/SWD dated 17.10.2012** പ്രകാരം ലോക്കോമോട്ടോർ ഡിസെബിലിറ്റി /സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാരെ മാത്രമേ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ **Blindness/Low vision, Hearing Impairment** എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായപരിധി** : 18–39. ഉദ്യോഗാർത്ഥികൾ – 02.01.1981 നും 01.01.2002 നും ഇടയിൽ

ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:-** വിമുക്ത ഭടൻമാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുവാൻ അർഹതയുള്ളവരുടെ പ്രതിരോധ സേനയിലെ സേവന കാലവും ഡിസ്ചാർജ്ജ് ചെയ്തതിനുശേഷം തൊഴിലില്ലാതിരുന്ന കാലയളവിൽ പരമാവധി മൂന്നു വർഷവും ഉയർന്ന പ്രായപരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

**7 യോഗ്യതകൾ**

**1.** വെറ്ററിനറി സയൻസിൽ ബിരുദം.

**2.** 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (1984-ലെ സെൻട്രൽ ആക്ട് 52) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**3.** മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ് I :-**

1 കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 പാർട്ട് 2 റൂൾ 10-ലെ ക്ലോസ്സ് (എഎഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷങ്ങൾക്ക് മൂന്നാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2 ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതായിരിക്കും

**കുറിപ്പ് II :-**

1 KS &SSR, Part II Rule 10 (a) ii ബാധകമാണ്.

2 വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ .

3 ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**കുറിപ്പ് III :-**
**ട്രെയിനിംഗ്**

1. വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.
2. മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക്അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.
3. കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി. ആന്റ് എ.എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

**8 അപേക്ഷകൾ അയക്കേണ്ട രീതി**

**എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ**

**Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാക്കുന്നതാണ്.നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാക്കുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നല്കുന്നതാണ്.

**സി)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡി)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **20.01.2021** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ .

**10** അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം: www.keralapsc.gov.in

ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**